മാരാമൺ കൺവൻഷൻ 2023

# മാരാമൺ സന്ദേശം

പ്രതിദിന വാർത്താ പത്രിക

128 മാരാമൺ കൺവൻഷൻ FEBRUARY 12-19

Published by: Malabar Mar Thoma Syrian Christian Evangelistic Association

2023 ഫെബ്രുവരി 23 ഞായർ

### വിശ്വാസ സാഗരം സാക്ഷിയായി; 128 – ാമത് മാരാമൺ കൺവൻഷന് പ്രൗഢ ഗംഭീര തുടക്കം

## സത്യാനന്തര കാലഘട്ടത്തിലെ യാഥാർത്ഥ്യങ്ങൾ നാം തിരിച്ചറിയണം – ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത



*128 – ാമത് മാരാമൺ കൺവൻഷൻ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു*

മാരാമൺ : മലങ്കര മാർത്തോമ്മാ സുറിയാനി ക്രിസ്ത്യാനി സുവിശേഷ പ്രസംഗ സംഘത്തിന്റെ ആഭിമുഖ്യത്തിലുള്ള 128-ാമത് മാരാമൺ കൺവൻഷന് തുടക്കമായി. മകരച്ചൂടിന്റെ കാഠിന്യത്തിലും ഓലപന്തലും മണൽപ്പരപ്പും നിറഞ്ഞ വിശ്വാസ സമൂഹത്തെ സാക്ഷിയാക്കി ഡോ.തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ ഉദ്ഘാടന സന്ദേശം നൽകി.

ദൈവത്തെ കണ്ടുമുട്ടുന്നതിനുള്ള ഒരു തീർത്ഥഥയാത്രയാണ് ഈ കൺവൻഷൻ. സാമൂഹിക തിന്മകൾക്കെതിരെയും കാലഘട്ടത്തിന്റെ മറ്റ് തിന്മകൾക്കെതിരെയും ദൈവജനം സാക്ഷ്യത്തോടെ പ്രാദേശിക - കേന്ദ്ര തലങ്ങളിൽ പ്രവർത്തിക്കാൻ സാധിക്കണം. അപരന്റെ ആവശ്യങ്ങളും സൗകര്യങ്ങളും പരിഗണിച്ച് സാഹോദര്യത്തിൽ ജീവിക്കണം. 2018-19 ലെ ദുരിത നാളിന്റെ മറ നീക്കി തെളിമയുടെ അന്തരീക്ഷത്തിൽ വീണ്ടും കൂടി വരുന്നതിന് ദൈവം സഹായിച്ചു. അനേകം വിലപ്പെട്ട ജീവനുകൾ കോവിഡിൽ നഷ്ടമായി. ആദരാഞ്ജലികൾ കൺവൻഷന്റെ പേരിൽ അറിയിക്കുന്നു.

ഇപ്പോഴും ചിലയിടങ്ങളിൽ ദുരിതങ്ങൾ വിട്ടൊഴിഞ്ഞിട്ടില്ല. തുർക്കി - സിറിയ പ്രദേശങ്ങളിൽ ഉണ്ടായ അനുഭവങ്ങൾ നമ്മുടെ കരളലയിക്കുന്നതാണ്. ദുഃഖത്തിൽ നമുക്കും പങ്കു ചേരാം. പരിസ്ഥിതിയോടുള്ള ചൂഷണത്തെ ഗൗരവമായി കണ്ട് യോഗ്യമായ രീതിയിൽ പരിപാലിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. മാത്രമല്ല, ജനാധിപത്യത്തിന്റെ ദർശനത്തിന്റെ വെളിച്ചത്തിൽ ഭാരതം തുടരുന്നുവെന്നതിൽ ന്യൂനപക്ഷമായ, രണ്ടു ശതമാനം മാത്രമുള്ള ക്രൈസ്തവ സഭയ്ക്ക് നന്ദി പറയാം.

രാഷ്ട്ര ദർശനത്തോടെ സത്യത്തിന്റെ പാതയിൽ സ്നേഹത്തിന്റെ കൊടികളുമായി ഈ കാലഘട്ടത്തിൽ മുന്നോട്ടു പോയി രാഷ്ട്ര നിർമ്മിതിയിൽ പങ്കു ചേരണം.

ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്ന നീതി, സ്വാതന്ത്ര്യം, സമത്വമെന്നിവ ദൈവരാജ്യത്തിന്റെ ദർശനങ്ങളോടും മൂല്യങ്ങളോടും ചേർത്തു വെച്ച് നാം ശീലിക്കണം.

വർദ്ധിച്ചു വരുന്ന റോഡ് അപകടങ്ങൾ, ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം എന്നിവ തീവ്രമായി തുടരുന്നു. ലഹരി വസ്തുക്കൾ മാരാമണ്ണിന്റെ മണ്ണിൽ കുഴിച്ചിട്ട് ലഹരിക്കെതിരെ പോരാടിയ ചരിത്രം നാം വിസ്മരിച്ചു പോകരുത്. മാത്രമല്ല, സ്ത്രീകൾക്കെതിരായിട്ടുള്ള അക്രമങ്ങൾ, തൊഴിലില്ലായ്മ, സാമ്പത്തിക പ്രതിസന്ധി, ദാരിദ്ര്യം, വിലക്കയറ്റം തുടങ്ങിയവ സാമൂഹിക ജീവിതങ്ങളിൽ ദുരിതവും അസമാധാനവും ഉണ്ടാക്കുന്നു.

വാർത്താ മാദ്ധ്യമ രംഗത്ത് ചില ന്യൂനതകളുണ്ട്. തെറ്റിദ്ധരിപ്പിക്കുന്ന വാർത്താ വിനിമയം, സത്യത്തിന്റെ അംശങ്ങൾക്ക് മങ്ങലേൽപ്പിക്കുന്നു. കൈമാറ്റം ചെയ്യപ്പെടുന്ന വാർത്തകളുടെ ആധികാരികതയും സത്യസന്ധതയും പുനഃപരിശോധിക്കുവാൻ കഴിയാതെ പോകുന്നുണ്ട്.

തലമുറകളുടെ എല്ലാ വ്യവഹാരങ്ങളിലും ജീവിത പരിസരങ്ങളിലും നവ മാദ്ധ്യമങ്ങൾ ഇടം പിടിക്കുമ്പോൾ നന്മ വിവേചിച്ച് അറിയുവാൻ മാത്രം യുവതലമുറ പരാജയപ്പെടുന്നു.

സത്യാനന്തര കാലഘട്ടത്തിന്റെ വസ്തുത ഏറെ ആശങ്കയോടെ നാം മനസ്സിലാക്കേണ്ടതായിട്ടുണ്ട്. സത്യത്തിന് മുമ്പേ ഇടം പിടിക്കുന്ന നുണകൾ സമൂഹത്തിന് വെല്ലുവിളി ഉയർത്തുന്നു. നുണകൾ പലയാവർത്തി സ്ഥാപിക്കപ്പെടുമ്പോൾ സത്യത്തെ മറച്ചുപിടിക്കുവാൻ ഇടയായി തീരുന്നു. അബദ്ധങ്ങളുടെ വരിക്കാരായി മാറാതിരിക്കുവാൻ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പരിസ്ഥിതിയോടുള്ള നമ്മുടെ സമീപനം നാം ഗൗരവമായി പരിശോധിക്കേണ്ടതായിരിക്കുന്നു. ചൂഷണം ചെയ്യപ്പെടുന്ന പരിസ്ഥിതി പ്രതിസന്ധികൾക്ക് കാരണമായി തീരുന്നു.

രാഷ്ട്രത്തിന്റെ വിവിധയിടങ്ങളിൽ അക്രമിക്കപ്പെടുന്ന സുവിശേഷകരുടെ സംരക്ഷണത്തിന് ആവശ്യമായ നിലപാടുകൾ സ്വീകരിക്കുന്നതിനായി പ്രധാന മന്ത്രിയുടെ ശ്രദ്ധ കൺവൻഷൻ ആഗ്രഹിക്കുന്നുണ്ട്.

അതിനൂതന സാധ്യതകളുടെ വെളിച്ചത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ ഊറ്റം കൊള്ളുന്ന ഇന്നിന്റെ സമൂഹം സകലവിധ പ്രശ്നങ്ങൾക്കും പരിഹാരം ഇതിലൂടെ സാദ്ധ്യമാകുമെന്ന അബദ്ധ ധാരണയിൽ എത്തിച്ചേർന്നിട്ടുണ്ട്. ഈ യാഥാർത്ഥ്യങ്ങളിലൂടെ പുനഃരണ്വേഷത്തിലേക്ക് ഈ വർഷത്തെ കൺവൻഷൻ നമ്മെ നയിക്കണെന്ന് മെത്രാപ്പോലീത്ത ഉദ്ഘാടന സന്ദേശത്തിൽ പറഞ്ഞു.

ഡോ.യൂയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്ത, തോമസ് മാർ തിമോഥിയോസ് എപ്പിസ്കോപ്പ, ഐസക്ക് മാർ ഫിലക്സിനോസ് എപ്പിസ്കോപ്പ, എബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ, മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പ, ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പ, തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പ എന്നിവരെ കൂടാതെ ഇതര സഭകളിലെ മേൽപ്പട്ടക്കാരും, രാഷ്ട്രീയ - സാമൂഹിക - സാംസ്ക്കാരിക രംഗത്തെ പ്രമുഖരും ഉദ്ഘാടന യോഗത്തിൽ പങ്കെടുത്തു.



*തയ്യാറാക്കിയത് : ലിബിൻ പൊന്നച്ചൻ & കെവിൻ കെ മാത്യു (മാർത്തോമ്മ വൈദീക സെമിനാരി)*

**എഡിറ്റോറിയൽ കോർഡിനേറ്റേഴ്സ്**

അഡ്വ.ജേക്കബ്ബ് ജോൺ കരിക്കം

അജി അലക്സ്

**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**

റവ.ജിജി മാത്യൂസ്

പ്രൊഫ.ഡോ.അജിത് വർഗ്ഗീസ് ജോർജ്ജ്

റവ.സജി പി സൈമൺ

ജേക്കബ്ബ് ശാമുവേൽ

പി.പി.അച്ചൻകുഞ്ഞ്

പി.കെ.കുരുവിള

തോമസ് കോശി

ജോസ് പി വയയ്ക്കൽ

ലറ്റീഷ്യ തോമസ്

സജി എം ജോർജ്

**ഡിസൈൻ & ലേ ഔട്ട്**

അരുൺ കെ തോമസ്

ഷിജു ചുനക്കര


**മാരാമൺ കൺവൻഷൻ പാട്ടു പുസ്തകങ്ങൾ (മലയാളം & ഇംഗ്ലീഷ് ട്രാൻസ്ലിറ്ററേറ്റഡ്) 20 രൂപയ്ക്ക് മണൽപ്പുറത്ത് ലഭ്യമാണ്.**

**കൺവൻഷൻ പാട്ടുകളുടെ സി.ഡി 100 രൂപയ്ക്ക് യുവജനസഖ്യം സ്റ്റാളുകളിൽ ലഭ്യമാണ്.**

**കൺവൻഷൻ പാട്ടുകളുടെ പെൻഡ്രൈവ് 400 രൂപയ്ക്ക് യുവജനസഖ്യം സ്റ്റാളുകളിൽ ലഭ്യമാണ്**

## മാരാമണ്ണിൽ നാളെ

രാവിലെ 07.30 മുതൽ 08.30 വരെ **കുട്ടികളുടെ യോഗം** - കുട്ടിപ്പന്തലിൽ

09.30 മുതൽ പൊതുയോഗം

അദ്ധ്യക്ഷൻ : -

**ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പ**

വചന ശുശ്രൂഷ : -

**ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പ**

ഉച്ചയ്ക്ക് 02.30 മുതൽ

**കുടുംബവേദി**

സന്ദേശം : **ജോർജ്ജ് ബഹനാൻ** മാവേലിക്കര

വൈകുന്നേരം 05.00 മുതൽ പൊതുയോഗം

അദ്ധ്യക്ഷൻ :-

**ഡോ. ഐസക്ക് മാർ ഫിലക്സിനോസ് എപ്പിസ്കോപ്പ**

വചന ശുശ്രൂഷ :-

**റൈറ്റ്. റവ. ധിലോരാജ് കനഗസാബെ**

# കരുതലോടെ കാത്തിരിക്കാം വചനമാരിക്കായി


**റവ. ജിജി മാത്യൂസ്, റാന്നി**

(മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘം ജനറൽ സെക്രട്ടറി)




**ലോ**കം നിശ്ചലമായിപ്പോയ കൊറോണാ നാളുകൾ പിന്നിട്ട് വീണ്ടും ഒരു കൂടിവരവ്. അകലങ്ങളും മുഖാവരണവും ഇല്ലാത്ത ഒരു കൂടിവരവിനായി പ്രാർത്ഥിച്ചു കൊണ്ട് മാരാമണ്ണിന്റെ ഈ ആത്മീയ തീരത്തുനിന്ന് പിരിഞ്ഞു പോയവരെ വീണ്ടും ഈ വചനകൂടാരത്തിലേക്ക് ദൈവം ചേർത്തു കൊണ്ടുവന്നിരിക്കുന്നു. ദേശത്തിന് സൗഖ്യം വരുത്തി ഒരുമിച്ചു ചേർന്നു വരുവാൻ ഇടയാക്കിയ ദൈവമേ നിനക്ക് സ്തുതി.

ഒന്നേകാൽ നൂറ്റാണ്ടിലധികമായി മനുഷ്യമനസ്സുകളിൽ ദൈവവചനത്തിന്റെ വിത്ത് വിതച്ച് ഫലം പുറപ്പെടുവിച്ചുകൊണ്ട് കാലദേശങ്ങളെ അതിജീവിച്ച് മാരാമൺ കൺവൻഷൻ ഇന്നും സമൂഹത്തിന് അനുഗ്രഹമായി നിലകൊള്ളുന്നു. അനാചാരങ്ങളിലും, അന്ധവിശ്വാസത്തിലും ദുരാചരണങ്ങളിലും കുടുങ്ങിപ്പോയ മലങ്കര ജനതയെ ശുദ്ധസുവിശേഷത്താൽ സ്ഫുടം ചെയ്തെടുത്ത മണ്ണാണ് മാരാമണ്ണിന്റേത്. വേനലിൽ പമ്പാനദി അരികുപറ്റി ഒഴുകുവാൻ ആരംഭിക്കുമ്പോൾ മാരാമൺ മണൽപ്പുറം മഹായോഗത്തിന് അരങ്ങൊരുക്കുന്നു. സഭാമക്കളുടെ സിരകളിലെ രക്തപ്രവാഹത്തിന്റെ താളമായി ത്തീരുകയാണ് മാരാമൺ കൺവൻഷൻ. മകര മാസത്തിലെ ചുടുവെയിലിൽ ഈ തീരത്തേക്ക് ആളുകൾ ഒഴുകിയെത്തുന്നതിനു കാരണം ഒന്നേയുള്ളൂ നിർമ്മല സുവിശേഷത്തിന്റെ സരളമായ പ്രഘോഷണം. മാരാമൺ കൺവൻഷൻ വ്യക്തമായ സന്ദേശമാണ് ലോകത്തിനു നൽകുന്നത്. ദൈവം യേശുക്രിസ്തുവിൽക്കൂടെ ലോകത്തെ സ്നേഹിച്ച ആ മഹൽ സ്നേഹത്തിന്റെ സന്ദേശം. സുവിശേഷം കാലികമായി ഇവിടെ പ്രഘോഷിക്കപ്പെടുന്നു. ദൈവരാജ്യ മൂല്യങ്ങളുടെ ശക്തീകരണം, സാമൂഹിക ദർശനങ്ങൾ, സമുദായമൈത്രി, എക്യുമെനിസം, സൗഹൃദകൂട്ടായ്മകൾ എന്നിവ ഈ കൺവൻഷനിലൂടെ ലഭ്യമാകുന്നു. വിഭാഗീയതയ്ക്ക് അപ്പുറത്തേക്ക് നീളുന്ന മാനവികതയുടെ ഒരു ഒത്തുചേരലായി മാരാമൺ മാറിയിരിക്കുന്നു. കോവിഡാനന്തര ലോകത്തിന് സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും പ്രത്യാശയുടെയും തിരിനാളമായി ഈ പമ്പാ മണൽപ്പുറത്തുള്ള നാല് വശവും തുറക്കപ്പെട്ട പ്രവിശാലമായ ഓലപ്പന്തലിൻ കീഴിലിരുന്ന് എട്ട് ദിവസം തിരുവചന മനനത്തിനായി നമുക്ക് ഒരുങ്ങാം. മാനവരാശിയുടെ സർവ്വതോന്മുഖമായ വളർച്ചയും ശ്രേയസും ലക്ഷ്യമിടുന്ന ഈ ധന്യതയുടെ തീരത്തേക്ക് എല്ലാവർക്കും സ്വാഗതം. തിങ്കൾ മുതൽ ശനി വരെ രാവിലെ 7.30 മുതൽ 8.30 വരെ പുരുഷന്മാർക്കും സ്ത്രീകൾക്കും ഒരുമിച്ചുള്ള ബൈബിൾ ക്ലാസുകൾ പന്തലിൽ ക്രമീകരിച്ചിട്ടുണ്ട്. റവ.ഷിബി വർഗീസ്, റവ.ഡോ.മോത്തി വർക്കി എന്നിവർ നേതൃത്വം നൽകും.

മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കുള്ള വിഷയങ്ങൾ വ്യാഴാഴ്ച വരെ മണൽപ്പുറത്തുള്ള സംഘം ഓഫീസിൽ സ്വീകരിക്കും. കൗൺസിലിംഗ് ശുശ്രൂഷ താല്പര്യപ്പെടുന്നവർക്ക് അതിനുള്ള സൗകര്യം കൗൺസിലിംഗ് ഷെഡ്ഡിൽ ക്രമീകരിച്ചിട്ടുണ്ട്. കൗൺസിലിംഗ് ഷെഡ് ക്രമീകരിച്ചിരിക്കുന്നത് കൺവൻഷൻ നഗറിലുള്ള ചാപ്പലിന് സമീപത്തായിട്ടാണ്. കൺവൻഷന്റെ അനുഗ്രഹം പ്രാർത്ഥനയാണ്. ചാപ്പലിൽ നിരന്തരം പ്രാർത്ഥനകൾ ഉയരുവാനായി ഏവരും താല്പര്യപ്പെടണമേ.

സുവിശേഷ പ്രസംഗസംഘം ഓഫീസ് സ്റ്റേജിന് പിന്നിൽ പ്രവർത്തിക്കുന്നു. ഭദ്രാസനങ്ങളുടെയും സഭയുടെ വിവിധ സംഘടനകളുടെയും ഓഫീസുകൾ മണൽപ്പുറത്ത് പ്രവർത്തിക്കുന്നു. 14 പുതിയ പാട്ടുകൾ ഉൾപ്പെടെ 101 പാട്ടുകളടങ്ങിയ പാട്ടുപുസ്തകം 20 രൂപ നിരക്കിൽ ലഭിക്കും. ഇംഗ്ലീഷിൽ ട്രാൻസ്‌ലിറ്ററേറ്റ് ചെയ്ത മലയാളം പാട്ടുകളോട് കൂടിയ പാട്ടുപുസ്തകത്തിനും 20 രൂപയാണ് വില. പുതിയ പാട്ടുകളുടെ സി.ഡി 100 രൂപയ്ക്കും പെൻഡ്രൈവ് 400 രൂപയ്ക്കും ലഭിക്കും. പാട്ടുപുസ്തകങ്ങൾ ബുക്ക്ചെയ്യുന്നതിനുള്ള സൗകര്യം സുവിശേഷസംഘം സ്റ്റാളുകളിൽ ഉണ്ടായിരിക്കും.

പന്തലിനുള്ളിൽ നിലത്ത് ഇരിക്കുന്നതിന് ബുദ്ധിമുട്ടുള്ളവർക്കായി കസേരകളും ബഞ്ചുകളും ക്രമീകരിച്ചിട്ടുണ്ട്. 20 രൂപ നൽകിയാൽ ഒരു ദിവസം ഉപയോഗിക്കുന്നതിനുള്ള കൂപ്പൺ ലഭിക്കും.

മണൽപ്പുറം പ്രകൃതി സൗഹൃദമായി സൂക്ഷിക്കുവാൻ എല്ലാവരും ശ്രദ്ധിക്കണം. പ്ലാസ്റ്റിക്കും മാലിന്യങ്ങളും മണൽപ്പുറത്തും നദിയിലും വലിച്ചെറിയാതെ മാലിന്യ സംഭരണികളിൽ മാത്രം ഉപേക്ഷിക്കണം. പ്ലാസ്റ്റിക്, ഫ്ളക്സ്, ഡിസ്പോസിബിൾ ഗ്ലാസ്, ഡിസ്പോസിബിൾ പ്ലേറ്റ് എന്നിവ പൂർണ്ണമായി നിരോധിച്ചിരിക്കുന്നു.

മണൽപ്പുറത്തും ചെപ്പള്ളി പുരയിടത്തിലും ബയോ ടോയ്‌ലറ്റുകളും യൂറിനലുകളും ക്രമീകരിച്ചിട്ടുണ്ട്. കൺവൻഷന് എത്തുന്നവർക്ക് ഉപയോഗിക്കാനായി സാധാരണ വെള്ളവും ചൂടുവെള്ളവും തണുത്ത വെള്ളവും ലഭ്യമാക്കുന്നതിനുള്ള പ്രത്യേക കിയോസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ശുദ്ധീകരിച്ച വെള്ളം കുടിക്കുവാൻ മാത്രമേ ഉപയോഗിക്കാവൂ എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

ഈ വർഷത്തെ കൺവൻഷന്റെ പ്രത്യേകതയാണ് ഭാഷാടിസ്ഥാനത്തിലുള്ള കൂട്ടായ്മകൾസംഘടിപ്പിക്കുക എന്നത്. ഹിന്ദി, തെലുങ്ക്, തമിഴ്, കന്നട ഭാഷകളിലുള്ള വിശ്വാസസമൂഹത്തിന്റെ പ്രതീകാത്മകമായ കൂടിവരവ് ബുധനാഴ്ച മുതൽ ശനിയാഴ്ച വരെ വൈകിട്ട് ഏഴ് മണി മുതൽ 8.30 വരെ കൺവൻഷൻ വേദിയിൽ സംഘടിപ്പിക്കുന്നു. ഈ കൂടിവരവ് ഏറ്റവും അനുഗ്രഹമായിത്തീരുവാൻ ഏവരും പ്രാർത്ഥിക്കണമേ.

വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ രാവിലത്തെ യോഗങ്ങളിലും സ്തോത്രകാഴ്ച സ്വീകരിക്കുന്നതാണ്. മറ്റ് ദിവസങ്ങളിൽ പന്തലിൽ സ്ഥാപിച്ചിട്ടുള്ള പെട്ടികളിൽ സ്തോത്രകാഴ്ച സമർപ്പിക്കാവുന്നതാണ്. കൺവൻഷനിൽ നേരിട്ട് വന്ന് സംബന്ധിച്ച് സ്തോത്രകാഴ്ച സമർപ്പിക്കുവാൻ സാധിക്കാത്തവർക്ക് പേമെന്റ് ഗേറ്റ്‌വേ സംവിധാനത്തിലൂടെ തൽസമയം തന്നെ സ്തോത്രകാഴ്ച അർപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്.

അരനൂറ്റാണ്ടുകാലം മാരാമൺ കൺവൻഷനെ പ്രഭാഷണത്താൽ സമ്പന്നമാക്കിയ ഡോ.സ്റ്റാൻലി ജോൺസിന്റെ വാക്കുകൾ ഉദ്ധരിക്കട്ടെ. 'നിരാശയുടെയും നിസഹായതയുടെയും അവസ്ഥയിലേക്ക് വീണപ്പോൾ കർത്താവ് എന്റെ ജീവിതത്തെ തൊട്ടറിഞ്ഞു എന്ന് ഞാൻ വിശ്വസിക്കുന്നു. ആകുല ചിന്തകൾ ഉപേക്ഷിച്ച് നിന്റെ ജീവിതത്തെ എന്റെ കൈകളിൽ സമർപ്പിക്കുമെങ്കിൽ നിന്നെ ഞാൻ ഉയർത്തും എന്ന വാക്കുകൾ ഞാൻ വിശ്വസിച്ചു. എന്റെ സമർപ്പണത്തെ കർത്താവ് സ്വീകരിച്ചു. ഞാൻ ദൈവത്തിനു സ്തോത്രം കരേറ്റുന്നു'. ദുർഗ്ഗമമായ ജീവിതയാത്രയിൽ ഇരുട്ട് പരക്കുമ്പോൾ, വഴി കാണാതെ അലയുമ്പോൾ, പ്രകാശമായി, മാർഗ്ഗമായി, രക്ഷകനായി യേശുക്രിസ്തു അരികിലെത്തുന്നു. അവനിൽ ജീവിക്കുക, നിത്യജീവന്റെ അവകാശിയായിത്തീരുക.

പ്രാർത്ഥനയ്ക്കും ധ്യാനത്തിനുമായി എട്ട് ദിനങ്ങൾ നമുക്ക് പന്തലിന്റെ തണലിൽ ഒത്തുചേരാം. വചനത്തിനായി കാതോർക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ......

### മാരാമൺ സന്ദേശം :

# സഹജീവികളോട് സഹാനുഭൂതി ഇല്ലാത്ത ജീവിതം നിരർത്ഥകം

**ഡോ.തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത**

മർക്കോസ് 10 : 17-27

കർത്താവിന്റെ യെരുശലേമിലേക്കുള്ള യാത്രാ മദ്ധ്യത്തിൽ വന്നു ചേരുന്ന യൗവനക്കാരന്റെ സമീപനവും അവനുമായിട്ടുള്ള സംവാദവും ഈ ഭാഗത്ത് ചേർന്നിരിക്കുന്നു. സമ്പത്ത്, പ്രൗഢി, മതപരമായ സ്ഥാനങ്ങൾ എന്നിവയാൽ അവൻ പ്രമുഖനാണ്. എന്നാൽ അവന്റെ സത്യാന്വേഷണത്തിന്റെ സന്ദർഭമായി യേശുവുമായിട്ടുള്ള കണ്ടുമുട്ടൽ തീരുന്നു. യെരുശലേമിലേക്കുള്ള ഒരു യാത്ര അത് ക്രൂശിലേക്കുള്ള യാത്രയാണ്. അപ്പോൾ ക്രൂശിനെ ലാക്കാക്കി മുന്നേറുവാൻ ക്രിസ്തു നമ്മോട് ആഹ്വാനം ചെയ്യുന്നു.

യേശുവിനെ വാക്കിൽ കുടുക്കുവാൻ ശ്രമിക്കുന്ന പരീശന്മാരുടെ വാക്കുകൾക്ക് യേശു തിരുത്തലുകൾ നൽകുമ്പോൾ അത് സത്യാന്വേഷണത്തിന്റെ പുത്തൻ ദർശനമായി തീരുന്നു. ശബ്ബത്തുമായിട്ടുള്ള ബന്ധത്തിൽ പഴയ നിയമത്തിന്റെ ഇടപെടൽ മനസ്സിലാക്കിയാൽ (വിശുദ്ധ ലൂക്കോസ് 6: 1-10) നിലനിന്നിരുന്ന കേവല ആചാര അനുഷ്ഠാനങ്ങൾക്കുള്ള യഥാർത്ഥ സത്യത്തിന്റെ ദർശനത്തിൽ ഉൾച്ചേർന്ന ക്രിസ്തു പുനഃനിർവ്വചനം നൽകുന്നു.

അപ്പത്തിനായി, അത്ഭുതത്തിനായി നോക്കിനിൽക്കുന്ന, പരിഹസിക്കുന്ന പരീശന്മാരുടെ കൂട്ടത്തിൽ ബദൽ സത്യാന്വേഷണങ്ങളെ ക്രിസ്തു നൽകുന്നു. വിമർശനങ്ങൾക്ക് മുന്നിൽ ക്രിസ്തു ബദൽ സാമൂഹിക ബോധ്യങ്ങളിലേക്ക് അവരെ നയിക്കുന്നു.

നിലവിലിരിക്കുന്നതിനെ നവീകരിക്കുന്നതാണ് സുവിശേഷത്തിലൂടെ നാം കാണുന്നത്. അത്തരം തിരുത്തലുകൾ ക്രിസ്തു മുന്നിട്ടിറങ്ങുന്നത് സ്നേഹമെന്ന തിരുത്തൽ ശക്തികൾക്ക് പ്രാധാന്യം നൽകിയിട്ടുണ്ട്.

ധ്യാന ഭാഗത്ത് യൗവ്വനക്കാരന്റെ അന്വേഷവും തിടുക്കവും ദൈവരാജ്യത്തിന്റെ ശ്രേഷ്ഠതയിലേക്ക് ക്രിസ്തു കൊണ്ടെത്തിക്കുന്നു. അടിയന്തര ബോധ്യങ്ങൾക്ക് മേൽ അടിസ്ഥാന അറിവും അവബോധവും നൽകുന്നു. നല്ല ഗുരോ നിത്യജീവനെ അവകാശമാക്കുവാൻ ഞാൻ എന്തു ചെയ്യേണമെന്ന അന്വേഷണത്തിന് മേൽ ആത്മീയതയുടെ വെളിച്ചം ക്രിസ്തു പകരുന്നു. അന്വേഷണത്തിൽ നിന്നും സത്യത്തിന്റെ അന്വേഷകനായി യൗവ്വനക്കാരനെ രൂപപ്പെടുത്തുന്നു. “നല്ലതിനെ” ക്രിസ്തു പുനഃനിർവ്വചിക്കുന്നതാണ് അത് അപരനിലെ നല്ലതിനെ, നന്മയെ അന്വേഷിക്കാനുള്ള പ്രേരണയാണ്. അപരന്റെ നന്മയിൽ നിന്നും രൂപപ്പെടുന്ന കൂട്ടായ്മയിൽ സ്നേഹത്തിന്റെ സൗന്ദര്യം നിറയ്ക്കപ്പെടണം. മദർ തെരേസയെക്കുറിച്ച് പറയുന്നതു പോലെ "Something Beautiful To God". അതുപോലെ നമ്മളിലെ നന്മയെ വളർത്തി കൂട്ടായാമയിലൂടെ ദേശത്തെ നന്മയിലേക്ക് നയിക്കുവാൻ നമുക്ക് കഴിയണം.



യുവാവിന്റെ യാതനകൾക്ക് പുത്തൻ പരിവേഷം നൽകുകയാണ് യേശു. ഇന്നലകളിലെ യാത്രകളെ നാം തിരിഞ്ഞു നോക്കിയാൽ എത്രമാത്രം അവബോധങ്ങൾ ഉണ്ടാകുമെന്ന് ചിന്തിച്ചു നോക്കുക. എല്ലാ കാര്യത്തിലും മുൻപന്തിയിലുണ്ടായിരുന്ന യുവാവിന് ഒരു തിരുത്തൽ നൽകുന്നു. യേശു സ്നേഹത്തിന്റെ വലിയ വിശാലതയിലാണ് അവന്റെ കുറവുകളെ കണ്ടെത്തുന്നത്.

നഷ്ടപ്പെട്ടു പോയ മകനെക്കുറിച്ചുള്ള ഉപമയിലും നാം കാണുന്നത് അതാണ്. അപരന്റെ കുറവിനുമേൽ സ്നേഹത്തിന്റെ വലിയ വിശാലത നാം പ്രകടിപ്പിക്കുമ്പോൾ സത്യാന്വേഷണത്തിന്റെ പുത്തൻ ബോധ്യങ്ങൾ അവിടെ ലഭിക്കുന്നു. സ്നേഹത്തിന്റെ സന്ദർഭങ്ങൾ ആഗ്രഹിക്കുന്ന ഒത്തിരി ജീവിതങ്ങൾ നമുക്ക് ചുറ്റം ജീവിക്കുന്നുണ്ട്. അവിടെ നമ്മുടെ കർത്തവ്യബോദ്ധ്യം ആവശ്യമുണ്ട്. അപരന്റെ കുറവിനെ ഉൾക്കൊണ്ട് ചേർത്തു പിടിക്കുവാൻ നമുക്ക് കഴിയണം. സ്നേഹത്തിന്റെയും നിരപ്പിന്റെയും അനുരഞ്ജനത്തിന്റെയും പുത്തൻ ബോധ്യങ്ങൾ തുറക്കപ്പെടുന്നു.

നിന്റേതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കാൻ യേശു അവനോട് പറയുമ്പോൾ ത്യാഗത്തിന്റെ മാർഗ്ഗത്തിലൂടെ അല്ലാതെ ഒരുവന് ക്രിസ്തുവിനെ അനുഗമിക്കുവാൻ കഴിയുകയില്ല. കാരണം പങ്കിടാത്ത ജീവിതം ദൈവം ആഗ്രഹിക്കുന്ന ജീവിതമല്ല.

ഒരു ഭാഗത്ത് യുവാവിന്റെ കുറവിനെയും അപൂർണ്ണതയെയും സ്നേഹത്തിന്റെ വിശാലതയിൽ തിരുത്തുന്നു. ക്രിസ്തു യഥാർത്ഥ ക്രിസ്താനുഗമനത്തിനും സത്യാന്വേഷണത്തിനും രൂപപ്പെടുത്തുന്നു. ചിലതിലെ മാത്രം മുന്നിൽക്കണ്ട് സ്വരക്കൂട്ടലിന്റെ സംസ്ക്കാരത്തിൽ ജീവിക്കാനല്ല, ത്യാഗത്തിന്റെ വഴിയിൽ ക്രിസ്താനുഗമനത്തിന്റെ വഴികളെ കണ്ടെത്തി, തിരുത്തേണ്ടവയെ തിരുത്തുവാനും യഥാർത്ഥ സത്യാന്വേഷകരാകുവാനും നമുക്ക് കഴിയണം.

*തയ്യാറാക്കിയത് :-*
*ലിബിൻ പൊന്നച്ചൻ, കെവിൻ കെ മാത്യു (മാർത്തോമ്മാ വൈദീക സെമിനാരി, കോട്ടയം)*

## കൺവൻഷന്റെ തത്സമയ വിശേഷങ്ങളുമായി
## maramonconventiononline.com

മാരാമൺ : ഈ വർഷം മുതൽ കൺവൻഷന്റെ വിപുലമായ വിശേഷങ്ങൾ കൂടുതൽ ആളുകളിലേക്ക് എത്തിക്കുന്നതിന് മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘം വിപുലമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തി. ഓരോ ദിവസത്തെയും വിശദാംശങ്ങളും വിശേഷങ്ങളും കൂടാതെ കൺവൻഷന്റെ വിവിധ സെഷനുകളുടെ വിശദാംശങ്ങളും ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി maramonconventiononline.com എന്ന ഓൺലൈൻ ന്യൂസ് പോർട്ടൽ സുവിശേഷ പ്രസംഗ സംഘം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഈ പേജിൽ കൺവൻഷന്റെ തത്സമയ സംപ്രേഷണവും ഒരുക്കിയിട്ടുണ്ട്. സംഘത്തിന്റെ മാനേജിംഗ് കമ്മറ്റി അംഗങ്ങളായ അഡ്വ.ജേക്കബ് ജോൺ കരിക്കം, അജി അലക്സ് എന്നിവരുടെ നേതൃത്വത്തിലാണ് ഓൺലൈൻ ന്യൂസ് പോർട്ടൽ പ്രവർത്തിക്കുന്നത്.

അദ്ധ്യക്ഷ പ്രസംഗം

# സുവിശേഷം : മാരാമൺ കൺവൻഷന്റെ അടിസ്ഥാനം

**ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലിത്ത**
(പ്രസിഡന്റ് മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘം)



*ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷ പ്രസംഗം*

സഭയ്ക്ക് ഒരു സുവിശേഷം മാത്രമാണ് ഉള്ളത്, അത് ക്രിസ്തുവിലാണ്. ക്രിസ്തു ഭാവം നമ്മിലൂടെ പ്രകാശിക്കണം. അതാണ് “പ്രകാശിതനായഃ പ്രകാശിതഃ” മലങ്കര സഭയില നവോത്ഥാനകാലഘട്ടത്തിൽ ജ്വലന പ്രഭയിൽ ഉയർന്നതായ വചനത്തിന്റെ തുടർച്ച ഏറെ വിലപ്പെട്ടതാണ്. അവിടെ സഭയുടെ പുതുക്കം നിരന്തരം സംഭവിക്കേണ്ടതാണ്. പരിശുദ്ധാത്മാവിന്റെ കൃപ നമ്മിലൂടെ പകരപ്പെടുമ്പോൾ കൺവൻഷൻ ഏറെ അനുഗ്രഹമായിത്തീരും. സത്യവും ധർമ്മവും ലോകത്തിന് വെളിപ്പെടുത്തിക്കൊടുക്കുന്നതിന് മാരാമൺ കൺവൻഷന്റെ പങ്ക് വളരെ വിലപ്പെട്ടതാണ്. 1895-ൽ ആരംഭിച്ച കൺവൻഷൻ വീണ്ടെടുപ്പിന്റെയും രക്ഷയുടെയും സന്ദേശങ്ങൾ പകർന്നു നൽകി. വ്യക്തി രൂപാന്തിരത്തിന് സാമൂഹിക രൂപാന്തരത്തിനും കൺവൻഷൻ പ്രാധാന്യം നൽകുന്നു. മാരാമൺ കൺവൻഷന്റെ വളർച്ചയിലും തുടർച്ചയിലും ചരിത്രത്തിന്റെയും പാരമ്പര്യത്തിന്റെയും അടിസ്ഥാനം ശ്രദ്ധേയമാണ്. പ്രഭാഷണങ്ങളിലെ ദർശനങ്ങളിലൂടെയും ഉൾക്കാഴ്ചകളിലൂടെയും സഭയുടെ സംഘടനകൾ ശക്തിപ്പെടുകയും കൺവൻഷനോട് ചേർന്ന് രൂപാന്തരപ്പെടുകയും ചെയ്തു. കാലാകാലങ്ങളിൽ സഭയുടെ പിതാക്കന്മാരിലൂടെയും ലഭിച്ച നല്ല നേതൃത്വത്തിന്റെ അടയാളപ്പെടത്തലുകൾ ഈ കൺവൻഷന്റെ ചരിത്രത്തിലുണ്ട്. ഇന്ന് ഇരുപത്തിരണ്ടാം മാർത്തോമ്മാ അഭിവന്ദ്യ തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ ആത്മീയ ദർശനവും നേതൃത്വവും സഭയ്ക്കും ഈ കൺവൻഷനും അർത്ഥവത്തായിത്തീരുന്നു.

കേരളത്തിന്റെ നവോത്ഥാന കൺവൻഷനായി മാരാമൺ കൺവൻഷൻ മാറിയിരിക്കുന്നു. ജാതി മത വേർതിരിവില്ലാതെ നാനാത്വത്തിൽ ഏകത്വമെന്ന ശ്രേഷ്ഠ സന്ദേശത്തെ മുൻനിർത്തി കൺവൻഷൻ സജീവമായി. അത് 127 വർഷക്കാലം മുറിഞ്ഞുപോകാതെ പാലിക്കപ്പെടുന്നു. സഭകൾ തമ്മിലുള്ള ഐക്യത്തിനും പരസ്പര ബഹുമാനത്തിനും കൺവൻഷൻ ഏറെ ശ്രദ്ധ ചെലുത്തുന്നു. 1889-ലെ സെമിനാരി കേസിലൂടെ നഷ്ടമായതിനെ സഭ വീണ്ടെടുത്തത് സുവിശേഷത്തിലൂടെയാണ്. അന്ന് കല്ലിശ്ശേരി മാളികയിൽ ആരംഭിച്ച മാർത്തോമ്മാ സുറിയാനി ക്രിസ്ത്യാനി സുവിശേഷ പ്രസംഗ സംഘത്തിന്റെ നേതൃത്വം കൺവൻഷനിൽ അനുഗ്രഹമായിരിക്കുന്നത് സുവിശേഷത്തിന്റെ അടിസ്ഥാനത്തിലാണ് പറയുന്നത്.

ആ സുവിശേഷ ദർശനത്തിൽ ഈ വർഷത്തെ കൺവൻഷൻ ഏറെ അർത്ഥ പൂർണ്ണവും അനുഗ്രഹവുമായി തീരട്ടെയെന്ന് പ്രാർത്ഥിക്കുന്നു.





